<u>പത്രക്കുറിപ്പ്</u>

# പ്രാവ് മോഷണം: പ്രതി പിടിയിൽ

## കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 335 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- വിഴിഞ്ഞം മുല്ലൂരിലെ വീട്ടിൽനിന്നും വളർത്തു പ്രാവുകളെ മോഷ്ടിച്ചെടുത്ത പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോട്ടുകാൽ നെട്ടത്താന്നി തേരിവിള പുത്തൻ വീട്ടിൽ പ്രസാദ് (23) നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 13-ന് രാത്രിയാണ് മോഷണം നടന്നത്. വിഴിഞ്ഞം മുല്ലൂർ സ്വദേശി രാജീവിന്റെ വീട്ടിലെ കൂടുകളിൽ പാർപ്പിച്ചിരുന്ന 20 വിലപിടിപ്പുള്ള പ്രാവുകളെ പ്രതി മോഷ്ടിച്ചെടുക്കുകയായിരുന്നു. സമീപ പ്രദേശങ്ങളിലെ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ച് പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഇന്നലെ പ്രതി പിടിയിലായത്. മോഷണം ചെയ്തെടുത്ത പ്രാവുകളേയും ഇയാളിൽ നിന്നും കണ്ടെടുത്തു. വിഴിഞ്ഞം എസ്.എച്ച്.ഒ രമേഷ്, എസ്.ഐ-മാരായ രാജേഷ്, ഡിപിൻ സി.പി.ഒ-മാരായ, സജൻ, അജികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത പ്രസാദ് (23)

പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ്-19 സുരക്ഷാ പരിശോധന വിലക്ക് ലംഘനം: 335 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ഇന്നലെ (16-06-2021) നാല് മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 335 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 55 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 131 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 27 പേരിൽ നിന്നുമായി 79,000/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 122 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 133 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
16-06-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി